(iii) സാർവലൗകികത

ഇസ്‌ലാമിക നവജാഗരണത്തോടൊപ്പം സജീവത കൈക്കൊണ്ട ഇസ്‌ലാമിക സാഹിത്യാഭിമുഖ്യത്തെക്കുറിച്ചാണ് ഇത്രയും വിവരിച്ചത്. അറബി, പേർഷ്യൻ, ഉർദു, തുർകി ഭാഷകളെ മാത്രമേ ഇതിൽ പരിഗണിക്കുകയുണ്ടായിട്ടുള്ളൂ. ഇസ്‌ലാമിക ലോകത്തിലെ ഏറ്റവും വലിയ ഭാഷകൾ ഇവയാണല്ലോ. എന്നാൽ ഇസ്‌ലാമിക നവജാഗരണം ഇന്ന് ഏതെങ്കിലും ഒരു രാജ്യത്ത് മാത്രം പരിമിതമല്ല. ലോകത്ത് മുസ്‌ലിംകൾ അധിവസിക്കുന്ന എല്ലായിടങ്ങളിലും അതിന്റെ അലയൊലികൾ ഇന്ന് ദൃശ്യമാണ്. മലായ്, ഇന്തോനേഷ്യൻ, ബംഗാളി, പുശ്തു, സാഹിലി, ബോസ്നിയൻ, ആദരി, ഇംഗ്ലീഷ് തുടങ്ങി ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും അമേരിക്കയിലുമായി മുസ്‌ലിംകൾ മാതൃഭാഷയായി ഉപയോഗിച്ചുവരുന്ന ചെറുതും വലുതുമായ പരശ്ശതം ഭാഷകളുണ്ട്. ഇസ്‌ലാമിക നവജാഗരണത്തിന്റെ ഫലമായി ഈ ഭാഷകളിലെല്ലാം സാഹിത്യത്തിലുണ്ടായിട്ടുള്ള ഇസ്‌ലാമിക ചലനങ്ങളെക്കൂടി പരിഗണിക്കുമ്പോഴേ ഈ വിവരണം പൂർണമാവുകയുള്ളൂ. എന്നാൽ വിവിധ ഭാഷകളിലെ ഇസ്‌ലാമിക സാഹിത്യപ്രവണതകളെ അന്താരാഷ്ട്രതലത്തിൽ പരിചയപ്പെടുത്താനുള്ള ശ്രമങ്ങളെന്തെങ്കിലും നടക്കുന്നതായി അറിവില്ല. റാബിത്വതുൽ അദബിൽ ഇസ്‌ലാമി പോലുള്ള, ആഗോള തലത്തിൽ പ്രവർത്തിക്കുന്ന സാഹിത്യവേദികൾക്ക് ഈ രംഗത്ത് വലിയ സേവനങ്ങൾ ചെയ്യാൻ കഴിയും.